
# ഭദ്രദീപ

ഭദ്രാവതി രൂപതാബുള്ളറ്റിൻ

**Vol.3, No. 4** **December - 2009**

Edited & Published by Fr. Francis Allumpurath
Bishop's House, St. Joseph's Church
Shimoga - 577 204, Karnataka, India.

Cover Design : Bro. Ajai Elavuthinkal
Layout : Fr. Jiss Vettiyolil, mcbs
Printed : Matha Prints, Bangalore





# MERRY CHRISTMAS

# AND

# HAPPY NEW YEAR

# ആദരാഞ്ജലികൾ



ആർച്ചുബിഷപ് ഡോ. ഡാനിയേൽ
അച്ചാരുപറമ്പിൽ പിതാവിന്
ഭദ്രാവതി രൂപതയുടെ ആദരാഞ്ജലികൾ

# ഉള്ളടക്കം


| | |
|---|---|
| ഇടയലേഖനം | 7 |
| ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ ഇടയലേഖനം | 12 |
| ക്രിസ്തുമസ്സ്, വലിയ ആഴ്ച്ചകളിലേക്കുള്ള പുതിയ ക്രമങ്ങൾ | 17 |
| രൂപതാകച്ചേരി വാർത്തകൾ | 18 |
| Appointment | 24 |
| ''പ്രഭുയേശു മഹോത്സവ്'' | 25 |
| യുവജ്യോതി - യുവജനപ്രേഷിതത്വം | 26 |
| ചെറുപുഷ്പ മിഷൻലീഗ് | 28 |
| കുടുംബപ്രേഷിതത്വം | 30 |
| മാതൃവേദി | 32 |
| സാമൂഹ്യപ്രവർത്തനം | 33 |
| ജൂബിലി ആശംസകൾ | 36 |
| Prayerful Greetings | 37 |
| ആദരാഞ്ജലികൾ | 38 |
| Collections | 40 |
| Bishop's Dairy | 41 |
| Bishop's Program | 42 |

## ഇടയലേഖനം

ഭദ്രാവതി രൂപതയിലെ എല്ലാ വൈദികർക്കും, സന്യസ്തർക്കും, ദൈവജനത്തിനു മുഴുവനും.

മിശിഹായിൽ പ്രിയ സഹോദരങ്ങളെ,

ആഗമനകാലത്തിലേക്കു നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ! ക്രിസ്തുമസ്സിനുള്ള ഏറ്റം അടുത്ത ഒരുക്കത്തിന്റെ ദിനങ്ങളാണിവ. ദൈവം മനുഷ്യനായിത്തീരുന്ന സ്നേഹത്തിന്റെ ഏറ്റം വലിയ രഹസ്യമാണ് ക്രിസ്തുമസ്സിൽ നാം ആഘോഷിക്കുക. വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു എന്ന് രേഖപ്പെടുത്തുന്ന യോഹന്നാൻ സുവിശേഷകൻ തന്നെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യവും വ്യക്തമാക്കുന്നു: ''അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (യോഹ. 3,16). തന്റെ മക്കളിലാരും നശിച്ചുപോകാതെ എല്ലാവരും രക്ഷ പ്രാപിക്കണമെന്നാണ് പിതാവായ ദൈവം ആഗ്രഹിക്കുക. അതിനായി സ്വയം നൽകുന്ന ദൈവസ്നേഹത്തിന്റെ പാരമ്യമാണ് മനുഷ്യാവതാരം - ക്രിസ്തുമസ്സ്.

സ്വയം നൽകുന്ന ദൈവത്തെ സ്വീകരിക്കുന്നതിനും, ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്നതിനും, അവിടുന്ന് നൽകുന്ന രക്ഷ സ്വന്തമാക്കുന്നതിനും നാം ഒത്തിരി ഒരുങ്ങേണ്ടതുണ്ട്. കർത്താവിന്റെ കടന്നുവരവിനു തടസ്സമായ പലതും നമ്മുടെ ജീവിതങ്ങളിലുണ്ടാവാം. താൽക്കാലിക നേട്ടത്തിനും, സുഖങ്ങൾക്കും സന്തോഷത്തിനുമായി നാം ചെയ്ത പല പ്രവർത്തികളും ദൈവത്തോടും സഹോദരങ്ങളോടുമുള്ള നമ്മുടെ ബന്ധത്തിനു തകർച്ചകൾ സൃഷ്ടിച്ചിട്ടുണ്ടാവും. കർത്താവിനു വഴിയൊരുക്കുവിൻ, അവന്റെ പാതകൾ നേരെയാക്കുവിൻ എന്ന സ്നാപകന്റെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് തെറ്റുതിരുത്തലിന്റെയും പരിഹാരത്തിന്റെയും വഴികളിലൂടെ നടന്നാവണം നാം രക്ഷകന്റെ



december layout.pmd 7 12/9/2009, 3:58 PM

വരവിനായി ഒരുങ്ങേണ്ടത്. എല്ലാവർക്കും രക്ഷ നൽകാനാണ് ദൈവം കടന്നുവരിക. പക്ഷെ കടന്നുവരുന്ന രക്ഷകനോടുള്ള നമ്മുടെ പ്രതികരണ മനുസരിച്ചായിരിക്കും അവിടുന്ന് നൽകുന്ന രക്ഷ നമുക്ക് കരഗതമാവു കയോ കൈമോശം വരുകയോ ചെയ്യുക.

രക്ഷകനോടുള്ള മൂന്ന് വ്യത്യസ്തരീതിയിലുള്ള പ്രതികരണങ്ങൾ സുവിശേഷത്തിന്റെ ആദ്യ താളുകളിൽത്തന്നെ നമുക്കു കാണാം.

**1) സത്രം സൂക്ഷിപ്പുകാരുടെ മനോഭാവം:** സീസറിന്റെ കൽപനയനുസരിച്ച് പേരെഴുതിക്കാനായി ബെത്‌ലഹേമിലേക്ക് വരുന്ന യൗസേപ്പിനും മറിയത്തിനും സത്രങ്ങളിലിടം കിട്ടുന്നില്ല. മുട്ടിയ വാതിലുകളെല്ലാം അവരുടെ മുമ്പിൽ അടയുകയായിരുന്നു. അവിടെയുണ്ടായിരുന്നവരെല്ലാം ദൈവനിഷേധികളോ നിരീശ്വരവാദികളോ ആയതുകൊണ്ടോ, തിരുക്കുടുംബത്തോട് എന്തെങ്കിലും പ്രത്യേകവിരോധമുള്ളതുകൊണ്ടോ ആവില്ല അപ്രകാരം ചെയ്തത്. മറിച്ച് രക്ഷകന്റെ മാതാപിതാക്കൾക്ക് ഇടം നൽകാനാവാത്തവിധം അവരുടെ മുറികളും ഭവനങ്ങളും മറ്റു പലതുകൊണ്ടും, പലരേക്കൊണ്ടും നിറഞ്ഞിരിക്കുകയായിരുന്നു. ഫലമോ, രക്ഷകനെ സ്വീകരിക്കാനവർക്ക് കഴിയാതെ വരുന്നു!

**2) ഹേറോദേസിന്റെ മനോഭാവം:** ഇസ്രായേലിനൊരു രക്ഷകൻ പിറന്നിരിക്കുന്നു എന്ന വാർത്ത അസ്വസ്ഥതയോടെയാണ് ഹേറോദേസ് ശ്രവിക്കുക (മത്താ. 2,3-16). അവനെ വളരാനനുവദിക്കാതിരിക്കുക, തൊട്ടിലിലായിരിക്കുമ്പോൾത്തന്നെ അവൻ നശിക്കട്ടെ എന്നതായിരുന്നു അയാളുടെ പ്രതികരണം. ഹേറോദേസിന്റെ ഈ മനോഭാവം വളർന്ന്, പലരിലൂടെ കൈമാറി അവസാനം പീലാത്തോസിന്റെ അരമനയിൽ അവനെ കൊണ്ടുപോവുക, അവനെ കൊണ്ടുപോയി ക്രൂശിക്കുക എന്ന ആക്രോശത്തിലെത്തി നിൽക്കും എന്നു നാമറിയണം.

**3) ശിമയോന്റെ മനോഭാവം:** ഇതിൽനിന്നും തികച്ചും വ്യത്യസ്ഥമായ മറ്റൊരു പ്രതികരണവും സുവിശേഷത്തിൽ നാം കാണുന്നു. ദിവ്യശിശു വിനെ ദൈവത്തിനു സമർപ്പിക്കുവാനായി കൊണ്ടുവരുന്ന മാതാപിതാ

ക്കളിൽനിന്ന് ഉണ്ണിയെ കൈയിലെടുത്തുകൊണ്ട് വയോധികനായ ശിമയോൻ പറയുന്നു ''കർത്താവേ അങ്ങയുടെ ദാസനെ ഇപ്പോൾ സമാധാനത്തിൽ വിട്ടയയ്ക്കണമെ. എന്തെന്നാൽ സകല ജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു'' (ലൂക്കാ 2,29-31). കാത്തിരുന്ന രക്ഷകനെ കണ്ടറിയുന്ന, അവിടുത്തെ സാന്നിധ്യത്തിൽ ആത്മനിർവൃതികൊള്ളുന്ന മനോഭാവം.

ആഗമനകാലത്തിലൂടെ കടന്നുപോകുന്ന നാം ഈ സുവിശേഷ വിവരണങ്ങളുടെ പശ്ചാത്തലത്തിൽ നമ്മുടെ മനോഭാവങ്ങളെ പരിശോധിക്കേണ്ടിയിരിക്കുന്നു. മനുഷ്യാവതാരമെടുക്കുന്ന ദൈവപുത്രൻ മനുഷ്യഹൃദയങ്ങളിൽ വസിച്ചുകൊണ്ട് അവിടുത്തെ രക്ഷയും, സമാധാനവും, സന്തോഷവും നൽകുവാനാണ് കടന്നുവരിക. നമ്മുടെ ഹൃദയ കവാടങ്ങളിൽ മുട്ടുന്ന കർത്താവിനു കടന്നുവരാനിടമില്ലാത്തവിധം മറ്റുപലതുകൊണ്ടും നിറഞ്ഞിരിക്കുകയാണോ നമ്മുടെ ഹൃദയം? നമ്മുടെ സ്വാർത്ഥതയും, ജീവിതവ്യഗ്രതയും, സുഖാസക്തികളും, അഹങ്കാരവും, അസഹിഷ്ണതയും, മാത്സര്യവുമൊക്കെ കർത്താവിന്റെ വഴികളിലെ തടസ്സങ്ങളാവുന്നുണ്ടോ? നാമാരും നിരീശ്വരരോ, ദൈവനിഷേധികളോ അല്ലെങ്കിലും, വി. കുർബാനയിലും മറ്റു കൂദാശകളിലും സജീവമായി പങ്കുകൊണ്ടും, കുടുംബപ്രാർത്ഥനകൾ മുടക്കംകൂടാതെ നടത്തിയും മറ്റും നമ്മുടെ വിശ്വാസം സജീവമായി നിലനിർത്തുന്നതിലും, മക്കൾക്കത് കൈമാറിക്കൊടുക്കുന്നതിലും വേണ്ടത്ര ശ്രദ്ധയുള്ളവരാണോ നമ്മൾ? ബെത്‌ലഹെമിലെ സത്രങ്ങൾ നിറഞ്ഞിരുന്നപ്പോൾ മനുഷ്യപുത്രന്റെ മാതാപിതാക്കൾ തലചായ്ക്കാനിടമില്ലാതെ അലഞ്ഞു. ദൈവപുത്രനെ സ്വീകരിക്കാനൊരുങ്ങുമ്പോൾ സ്വന്തമായി തലചായ്ക്കാനിടമില്ലാത്തവരേയും, ചേരികളിൽ അന്തിയുറങ്ങുന്നവരേയും, രോഗാവസ്ഥയിൽ പരിചരണം കിട്ടാത്ത അനാഥജന്മങ്ങളേയും നമുക്കു മറക്കാതിരിക്കാം. സഹോദരങ്ങളുടെ വേദനയുടെ മുമ്പിൽ കൊട്ടിയടയ്ക്കപ്പെടുന്ന സ്വാർത്ഥത നിറഞ്ഞ ഹൃദയങ്ങൾക്ക് ക്രിസ്തുമസ് സന്ദേശം കേൾക്കാനോ, കർത്താവിനെ സ്വീകരിക്കാനോ കഴിയാതെവരും എന്നും നാം തിരിച്ചറിയണം.

മാനസാന്തരത്തിനും, ജീവിത നവീകരണത്തിനുമുള്ള ആഹ്വാനമാണ് ആഗമനകാലം നമ്മുടെ മുമ്പിൽ വയ്ക്കുക. നമ്മുടെ മനോഭാവങ്ങളിലും, പെരുമാറ്റ ശൈലികളിലും ഒക്കെ മാറ്റം വേണമെന്നും ദൈവാരൂപി നമ്മുടെ മനസ്സുകളിൽ തോന്നിപ്പിക്കുന്നുണ്ടാവും. ജീവിത നവീകരണത്തിന്റെ ആഹ്വാനവുമായി കടന്നുവരുന്ന കർത്താവിനെ പക്ഷെ, ഹേറോദേസിന്റെ മനോഭാവത്തോടെയാണോ നാം എതിരേൽക്കുക? ചിന്താരീതികളും പെരുമാറ്റശൈലികളും മാറ്റി ജീവിതം നവീകരിക്കുവാനുള്ള ആത്മാവിന്റെ പ്രേരണകളെ വളരാനനുവദിക്കാതെ നശിപ്പിക്കുന്നതിനും അങ്ങനെ പാപാവസ്ഥയിലും, ദൈവത്തോടും സഹോദരങ്ങളോടുമുള്ള അകൽച്ച യിലും കഴിയുന്നതിനാണോ നമ്മുടെ ശ്രമം? ദൈവീക വാഗ്ദാനത്തിന്റെ പൂർത്തീകരണം പ്രതീക്ഷിച്ചുകൊണ്ട് പ്രാർത്ഥിച്ചും, ദൈവഹിതാനുസരണം ജീവിച്ചും കാത്തിരുന്ന ശിമയോന്റെ മാതൃകയാണ് നാമനുകരിക്കേണ്ടത്. പ്രാർത്ഥനയിലൂടെയും, പരിഹാരപ്രവർത്തികളിലൂടെയും മാനസാന്തര ത്തിന്റെ വഴികളിലൂടെ നടന്ന് ദൈവത്തിനും സഹോദരങ്ങൾക്കുമായി ഹൃദയവാതിൽ തുറന്നിട്ടിരിക്കുന്നവർക്കു മാത്രമേ കർത്താവ് ഒരുക്കിയിരി ക്കുന്ന രക്ഷ കാണുവാനും, കടന്നുവരുന്ന രക്ഷകനെ സ്വീകരിക്കുവാനും കഴിയൂ.

പ്രതീക്ഷാപൂർണ്ണമായ കാത്തിരിപ്പിന്റെ സമയമായ ഈ ആഗമനകാലം ജീവിത നവീകരണത്തിനുള്ള അവസരമാക്കി നമുക്കു മാറ്റാം. നമ്മെ ദൈവമക്കളാക്കിത്തീർക്കാൻ മനുഷ്യാവതാരത്തിലൂടെ സ്വയം നൽകുന്ന ദൈവത്തിന്റെ അനന്തസ്നേഹം തിരിച്ചറിയാൻ നമുക്കാകട്ടെ. ദൈവ മക്കളാകുന്ന നാം ദൈവത്തെ പിതാവായും മറ്റുമനുഷ്യരെ സഹോദര ങ്ങളായും തിരിച്ചറിയണം. ദൈവത്തിനും, സഹോദരങ്ങൾക്കുമെതിരായി, ജീവിത്തിൽ ചിന്തയിലും, വാക്കിലും, പ്രവർത്തിയിലും വന്നുപോയ വീഴ്ചകൾക്ക് പരിഹാരം ചെയ്തുവേണം നാം ക്രിസ്തുമസ്സിനായി ഒരുങ്ങാൻ. അങ്ങനെ ഒരുങ്ങി കാത്തിരിക്കുന്നവർക്കേ ശിമയോനെപ്പോലെ കടന്നുവരുന്ന കർത്താവിനെ കണ്ടെത്തുവാനും, സ്വീകരിക്കുവാനും അവിടുന്നു നൽകുന്ന രക്ഷയും സമാധാനവും സന്തോഷവും അനുഭവിക്കു

വാനും സാധിക്കൂ! ഇതിന് നിങ്ങൾക്കെല്ലാവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈശോമിശിഹാ നൽകുന്ന കൃപയും സമാധാനവും നിറഞ്ഞുനിൽക്കുന്ന സന്തോഷകരമായ പിറവിത്തിരുന്നാൾ എല്ലാവർക്കും നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

ഷിമോഗ
01-12-09

**മാർ ജോസഫ് അരുമച്ചാടത്ത്,**
ഭദ്രാവതി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2009 ഡിസംബർ 6-ാം തിയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ പള്ളിയിൽ വായിക്കേണ്ടതാണ്.



december layout.pmd 11 12/9/2009, 3:58 PM

## ഇടയലേഖനം

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ കർദ്ദിനാൾ വർക്കി വിതയത്തിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

വൈദികവർഷമായി രണ്ടായിരത്തിഒമ്പത്-രണ്ടായിരത്തിപത്ത് പരിശുദ്ധപിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. സാർവത്രികസഭ വൈദികവർഷം ആചരിക്കുന്ന ഈ സന്ദർഭത്തിൽ വൈദികരെക്കുറിച്ചും വൈദികർ വഴി മനുഷ്യകുലത്തിനു മുഴുവൻ ലഭിച്ചുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ദിവ്യരക്ഷകനായ ക്രിസ്തുനാഥൻ മനുഷ്യരക്ഷക്കായി ആവിഷ്കരിച്ച പദ്ധതിയിൽ വൈദികർക്കും വൈദികരുടെ ശുശ്രൂഷകൾക്കും വളരെ നിർണ്ണായകമായ സ്ഥാനമാണുള്ളത്. തന്റെ രക്ഷാകരദൗത്യം തുടരുന്നതിന് തന്നോടുകൂടെ ആയിരിക്കുവാനും രക്ഷയുടെ സന്ദേശം പ്രസംഗിക്കുന്നതിന് അയക്കപ്പെടുവാനും വേണ്ടി അവിടുന്ന് പന്ത്രണ്ട് പേരെ തിരഞ്ഞെടുത്ത് നിയോഗിച്ചു. ക്രിസ്തുവാകുന്ന മൂലക്കല്ലിൽ അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടിട്ടുള്ള സഭാസമൂഹത്തിന്റെ (എഫേ: 2:20) മുന്നോട്ടുള്ള പ്രയാണത്തിൽ അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ സഹപ്രവർത്തകരായി സമൂഹത്തിന് ശുശ്രൂഷ അർപ്പിക്കുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് നിയുക്തരാകുന്നവരാണ് വൈദികർ.

ദൈവജനം മുഴുവനും മാമ്മോദീസയും സ്ഥൈര്യലേപനവും വഴി ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നവരാണെങ്കിലും (1പത്രോ:



december layout.pmd 12 12/9/2009, 3:58 PM

2:9) തന്റെ ശരീരമായ സഭക്ക് ശുശ്രൂഷകളർപ്പിച്ച് അതിനെ സംരക്ഷിക്കാനും വളർത്താനും വേണ്ടി പുരോഹിതരായും പ്രബോധകരായും ഇടയന്മാരായും വൈദികരെ നിയമിച്ചിരിക്കുന്നു (1കോറി:12:27-31). ദൈവജനത്തെ വിശുദ്ധീകരിക്കുവാനും പഠിപ്പിക്കുവാനും നിയുക്തരാകുന്ന വൈദികർ ക്രിസ്തുവിന്റെ ഈ മൂന്നു ദൗത്യങ്ങളിലാണു പങ്കുചേരുന്നത്. തിരുപ്പട്ടം വഴി ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കുന്ന വൈദികർ തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നത് മേൽപ്പറഞ്ഞ ദൗത്യങ്ങൾ വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കുന്നതിലൂടെയാണ്. ജനനംമുതൽ മരണംവരെ ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും സഭാമക്കൾ വളരുന്നതും പരിപോഷിപ്പിക്കപ്പെടുന്നതും വിശ്വാസജീവിതത്തിൽ ദൃഢത പ്രാപിക്കുന്നതും ശുശ്രൂഷക്കായി നിയോഗിക്കപ്പെടുന്ന വൈദികരിലൂടെയാണ്. ഓരോ വ്യക്തിയുടേയും ജീവിതത്തിലും സമൂഹതലത്തിലും വൈദികരുടെ ശുശ്രൂഷക്ക് ഏറെ പ്രാധാന്യം നൽകിപ്പോരുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. കുടുംബത്തിൽ പിതാവിനുള്ള സ്ഥാനം ഇടവകയാകുന്ന കുടുംബത്തിന്റെ കേന്ദ്രസ്ഥാനത്ത് നിൽക്കുന്ന വൈദികന് നമ്മൾ നൽകുന്നു. അതുപോലെ തന്നെ രൂപതയുടെ കേന്ദ്രസ്ഥാനത്തുള്ള മെത്രാന്മാരുടെ നേതൃത്വത്തെ നമ്മൾ അംഗീകരിക്കുന്നു.

വൈദികവർഷം പ്രഖ്യാപിക്കപ്പെട്ടതിന്റെ ഒരു ലക്ഷ്യം ലോകമെമ്പാടുമുള്ള വൈദികരുടെ ജീവിതം നവീകരിക്കപ്പെട്ട് വിശുദ്ധീകരിക്കുകയെന്നതാണ്. അതു സാധിക്കണമെങ്കിൽ വൈദികരും ദൈവജനം മുഴുവനും പൗരോഹിത്യമെന്ന ദൈവത്തിന്റെ മഹാദാനത്തെക്കുറിച്ചുള്ള തിരിച്ചറിവു സമ്പാദിക്കണം. മനുഷ്യകുലത്തിനു ദൈവം നല്കിക്കൊണ്ടിരിക്കുന്ന വലിയ ഒരു ദാനമാണ് പൗരോഹിത്യം. അഭിഷിക്തരാകുന്ന മെത്രാന്മാരേയും വൈദികരേയും ദൈവത്തിന്റെ തന്നെ സ്ഥാനത്ത് നമ്മൾ കാണുകയും അവരിലൂടെ ദൈവത്തിന്റെ സാന്നിധ്യം നമുക്ക് സംലഭ്യമാകുകയും ചെയ്യുന്നു എന്നാണല്ലോ നമ്മൾ വിശ്വസിക്കുക. ഒരു വൈദികനെ കാണുമ്പോൾ 'ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ' എന്നു നമ്മൾ പറയുന്നതിന്റെ അർത്ഥമതാണ്. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ സുസ്ഥിതിക്കും പുരോഗതിക്കും



december layout.pmd 13 12/9/2009, 3:58 PM

വേണ്ടി അക്ഷീണം അധ്വാനിച്ചുകൊണ്ടിരിക്കുന്നവരാണു നമ്മുടെ വൈദികർ. അതിൽ നമുക്ക് അഭിമാനിക്കാം. ഭാരതത്തിലും പുറത്തുമുള്ള പ്രേഷിതപ്രവർത്തനരംഗത്തു സീറോമലബാർസഭയുടെ വൈദികർ നിർണ്ണായകമായ സംഭാവനകളാണു നല്കിക്കൊണ്ടിരിക്കുന്നത്. അജപാലന രംഗത്തു നമ്മുടെ സഭയിൽ ആത്മീയഗുരുക്കന്മാരായി പ്രവർത്തിക്കുന്ന തോടൊപ്പം വൈദികർ വിദ്യാഭ്യാസമേഖലയിലും സാമൂഹ്യപ്രവർത്തന തലങ്ങളിലും പ്രശംസനീയമായ സേവനമാണ് കാഴ്ചവെയ്ക്കുന്നത്. യേശുവിന്റെ സ്ഥാനത്തു നിന്നു അവർ നമ്മുടെ സഭയിൽ ചെയ്തു കൊണ്ടിരിക്കുന്ന സ്തുത്യർഹമായ പൗരോഹിത്യശുശ്രൂഷയ്ക്കു ദൈവ ത്തോടു ഞാൻ നന്ദി പറയുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

തങ്ങളുടെ വിളിയിൽ ഉറച്ചുനിന്ന് ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ വിളിച്ച നാഥനോടു വിശ്വസ്തത പുലർത്തി പുരോഹിതശുശ്രൂഷ തുടരുവാൻ വൈദികർ പ്രാപ്തരാകുന്നതിന് ദൈവജനം മുഴുവൻ അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതുണ്ട്. ദീർഘമായ പ്രാർത്ഥനയ്ക്കു ശേഷമാണു ക്രിസ്തു നാഥൻ അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തത് (മർക്കോ. 3:13-19). തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥി ക്കാൻ അവിടുന്ന് ആഹ്വാനം ചെയ്തിരിക്കുന്നു (മത്താ. 9:38). തന്റെ ജനത്തിനുവേണ്ടി ഇടയധർമ്മം അനുഷ്ഠിക്കാൻ പ്രാപ്തരായ ഇടയന്മാരെ ദൈവംതന്നെ തിരഞ്ഞെടുത്ത് അയക്കുമെന്ന പ്രവാചകവചനം (എസെക്കിയേൽ : 34:11-16) പൂർത്തിയാക്കിക്കൊണ്ട് നല്ല ഇടയനായി അവതരിച്ച ദൈവപുത്രന്റെ ദൗത്യമാണ് ബലഹീനരായ മനുഷ്യരിലൂടെ ദൈവം നിറവേറ്റിക്കൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ നിരന്തരമായ സഹായം വൈദികർക്ക് ആവശ്യമായിരിക്കുന്നു. നിത്യവും അവർക്കു വേണ്ടി പ്രാർത്ഥിക്കാൻ നാമെല്ലാവരും കടപ്പെട്ടിരിക്കുന്നു. ''ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെ ക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല'' (യോഹ:15:5) എന്ന തിരുവചനം ദൈവജനം മുഴുവനും ഹൃദയത്തിൽ ഏറ്റു വാങ്ങേണ്ടതുണ്ട്.

വൈദികവർഷപ്രഖ്യാപനത്തിന്റെ പശ്ചാത്തലം ആർസിലെ വികാരിയായിരുന്ന വി. ജോൺ മരിയ വിയാനിയുടെ 150-ാം ചരമവാർഷികമാണ്. 1859-ൽ നിര്യാതനായ അദ്ദേഹം ഇടവകവികാരിമാരുടെ മദ്ധ്യസ്ഥനായിട്ടാണ് അറിയപ്പെട്ടിരുന്നത്. വൈദികവർഷം ആചരിക്കുന്ന ഈ സന്ദർഭത്തിൽ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ അദ്ദേഹത്തെ എല്ലാ വൈദികരുടേയും മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു കഴിഞ്ഞു. 2009-ലെ തിരുഹൃദയത്തിരുനാളിൽ ആരംഭിച്ച വൈദികവർഷം 2010-ലെ തിരുഹൃദയത്തിരുനാളിലാണ് സമാപിക്കുക. തിരുഹൃദയത്തിരുനാൾ വൈദികരുടെ വിശുദ്ധീകരണദിനവും കൂടിയാണ്. ആർസിലെ വികാരിയായിരുന്ന വി. ജോൺ മരിയ വിയാനി ശുശ്രൂഷക്കായി നിയോഗിക്കപ്പെട്ടത് ദൈവസ്നേഹം മന്ദീഭവിച്ച ഒരു ഇടവകയിലേക്കായിരുന്നു. എന്നാൽ അദ്ദേഹത്തിലൂടെ ദൈവം അവിടെ അത്ഭുതങ്ങൾ പ്രവർത്തിച്ചു. ദൈവത്തിന്റെ കരുണാർദ്രസ്നേഹത്തിന്റെ ഒരു വിനീത ഉപകരണമായി അദ്ദേഹം അവിടെ പ്രവർത്തിച്ചു. നമ്മുടെ നാട്ടിൽ അടുത്തകാലത്ത് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ ഇടവകവൈദികരുടെ മറ്റൊരു ഉജ്ജ്വല മാതൃകയാണ്. വിനയാന്വിതനായ അദ്ദേഹം തന്റെ എളിയ ശുശ്രൂഷയിലൂടെ വിശുദ്ധിയുടെ പാരമ്യത്തിലെത്തിയ പുണ്യാത്മാവാണ്.

വൈദികരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും അവർ നൽകുന്ന നേതൃത്വത്തോട് സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന നല്ല പാരമ്പര്യമാണ് പൊതുവേ നമ്മൾ പുലർത്തിപോരുന്നത്. ദൈവരാജ്യസ്ഥാപനമെന്ന ക്രിസ്തുനാഥന്റെ സങ്കല്പത്തെ യാഥാർത്ഥ്യമാക്കുന്നതിൽ വൈദികഗണത്തോടുചേർന്നു പ്രവർത്തിക്കുന്നവരെന്ന നിലയിൽ അത്മായർക്കു നിർണ്ണായകമായ സ്ഥാനമാണ് സഭയിലുള്ളത്. വൈദികവർഷാചരണത്തോടുകൂടി വൈദികരും അത്മായരും തമ്മിലുള്ള ആത്മബന്ധം കൂടുതൽ ആഴപ്പെടണം. അതോടൊപ്പം ദൈവത്തിനും സഭക്കും വേണ്ടി സമർപ്പിക്കപ്പെട്ടവരെന്ന നിലയിൽ വൈദികർ കൂടുതൽ ഫലപ്രദമായ ശുശ്രൂഷക്ക് നിസ്വാർത്ഥമായ ആത്മാർപ്പണത്തിലൂടെ സജ്ജരാകണം.

''നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്''(യോഹ:15/16) എന്നും ''യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമെന്നും'' (മത്താ:28/20) വാഗ്ദാനം ചെയ്ത നാഥൻ നമ്മെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെയെന്ന് പ്രാർത്ഥിക്കാം. വൈദികരുടെ രാജ്ഞിയും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യാമറിയത്തിന്റെ മാധ്യസ്ഥത്തിനും സംരക്ഷണത്തിനുമായി നമ്മുടെ എല്ലാ വൈദികരേയും നമുക്ക് സമർപ്പിക്കാം. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽനിന്ന് 2009-ാം ആണ്ട് നവമ്പർ മാസം 4-ാം തിയതി നൽകപ്പെട്ടത്.

**വർക്കി കാർഡിനൽ വിതയത്തിൽ**
സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

ഈ ഇടയലേഖനം 2009 ഡിസംബർ 13-ാം തിയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ പള്ളിയിൽ വായിക്കേണ്ടതാണ്.



december layout.pmd 16 12/9/2009, 3:58 PM

# ക്രിസ്തുമസ്സ്, വലിയ ആഴ്ച്ചകളിലേക്കുള്ള പുതിയ ക്രമങ്ങൾ

വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശാനുസരണമാണ് സുറിയാനി ഭാഷയിലായിരുന്ന നമ്മുടെ തിരുക്കർമ്മങ്ങളെല്ലാം മലയാളഭാഷയിലേക്ക് തർജ്ജിമ ചെയ്ത് നാം ഉപയോഗിച്ച് പോന്നത്. എന്നാൽ ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന കർമ്മങ്ങൾ പൂർണ്ണമായും മൂലഗ്രന്ഥത്തിന്റെ അർത്ഥവും ദൈവശാസ്ത്രവും ഉൾക്കൊള്ളുന്നില്ലായെന്ന ചിന്ത പ്രബലമായിരുന്നു. നമ്മുടെ സഭയ്ക്ക് സ്വയംഭരണാവകാശവും ശ്രേഷ്ഠമെത്രപ്പോലീത്തൻ സ്ഥാനവും ലഭിച്ചതോടെ ഈ തിരുക്കർമ്മങ്ങളെല്ലാം പുനഃക്രമീകരിക്കാനുള്ള പരിശ്രമങ്ങൾ നടന്നുവരുകയായിരുന്നു. ക്രിസ്തുമസ്സ്, വലിയ ആഴ്ച്ച എന്നീ അവസരങ്ങളിലേക്കുള്ള ക്രമങ്ങൾ ഇങ്ങനെ പുനഃക്രമീകരിച്ചത് കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ ശ്രേഷ്ഠമെത്രാപ്പോലീത്താ ഔദ്യോഗിക ഡിക്രിയിലൂടെ പ്രാബല്ല്യത്തിൽ വരുത്തുകയുണ്ടായി. അതോടെ ഇതുവരെ ഉപയോഗിച്ചുപോന്നതായ ക്രമത്തിന് നിയമസാധുത ഉണ്ടായിരിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം നമ്മുടെ രൂപതയിലും, ഇനിമുതൽ ഈ പുതിയ ക്രമത്തിലുള്ള പുസ്തകങ്ങൾ ഉപയോഗിക്കേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം ജനങ്ങളെ മുൻകൂട്ടി അറിയിക്കുകയും പുതിയ ക്രമങ്ങളുമായി ആളുകളെ പരിചയപ്പെടുത്തുകയും ചെയ്യേണ്ടതാണ്. തിരുക്കർമ്മങ്ങളിൽ അർത്ഥവത്തായും സജീവമായും പങ്കെടുക്കുന്നതിന് മുൻകൂട്ടിയുള്ള ഒരുക്കം ഉപകരിക്കും. ഓരോ ഇടവകയും ആവശ്യമായ പുസ്തകങ്ങൾ മുൻകൂട്ടി വാങ്ങുവാനും ശ്രമിക്കണം.

**ഫാ. ജോർജ്ജ് ഞരളക്കാട്ട്**
പ്രോട്ടോസിഞ്ചെല്ലൂസ്



december layout.pmd 17 12/9/2009, 3:58 PM

# രൂപതാകച്ചേരി വാർത്തകൾ

## രൂപതാദിനം 2009

രൂപതയുടെ രണ്ടാം വാർഷികാഘോഷം 2009 ഒക്ടോബർ 24-ാം തിയതി റിപ്പൺപ്പേട്ട് നല്ലിടയൻ ഫൊറോനാ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.45-ന് അഭിവന്ദ്യ പിതാവിനും വിശിഷ്ടാതിഥികൾക്കും നൽകിയ സ്വീകരണത്തോടെ ആഘോഷപരിപാടികൾക്ക് തുടക്കം കുറിച്ചു.10 മണിക്ക് വി. കുർബാനയുടെ ആരാധന ബഹു. തോമസ് കുളത്തിങ്കലച്ചന്റെ നേതൃത്വത്തിൽ, 11.15-ന് അഭിവന്ദ്യ ജോസഫ് അരുമച്ചാടത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രൂപതയിലെ ബഹു. വൈദികരോടൊപ്പം വി. കുർബാന, തുടർന്ന് സ്നേഹവിരുന്ന്. ഉച്ചകഴിഞ്ഞ് 2 മണിക്ക് ചേർന്ന പൊതുസമ്മേളനത്തിൽ വിവാഹത്തിന്റെ 50-ാം വർഷം ആഘോഷിക്കുന്ന തെക്കേകുന്നേൽ പൗലോസ് മറിയാമ്മ ദമ്പതികൾ; മതബോധന രംഗത്ത് 25 വർഷത്തിലധികം സേവനം പൂർത്തിയാക്കിയ ശ്രീ ജോൺ ചെറുമല; സമർപ്പണ ജീവിതത്തിൽ യഥാക്രമം 50-ഉം 25-ഉം വർഷങ്ങൾ പൂർത്തിയാക്കുന്ന ബഹു. സി. ആനി ട്രീസ എസ്.എ.ബി.എസ്, ബഹു. സി. ലിസ മറ്റം എസ്.എച്ച്; മതബോധന സ്കോളർഷിപ്പ് പരീക്ഷയിൽ യഥാക്രമം 10,7,4 ക്ലാസ്സുകളിൽ ഒന്നാം സ്ഥാനം നേടിയ അശ്വിൻ മലയാറ്റിൽ, ലിസ മലയാറ്റിൽ, സ്വാതി; രൂപതയിൽനിന്നും കഴിഞ്ഞ S.S.L.C. പരീക്ഷക്ക് ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ ജസ്ലിൻ ജോർജ്ജ്; സമൂഹത്തിൽ പ്രത്യേക സംഭാവന നൽകിയവരുടെ ഗണത്തിൽ ബോംബെ ഭീകരാക്രമണത്തെ ചെറുത്തു തോൽപ്പിച്ച നാഷണൽ സെക്യൂരിറ്റി ഗാർഡ് (N.S.G)-ൽ സേവനം ചെയ്യുന്ന ഈ രൂപതാംഗം ശ്രീ ജോൺ പൊടിപ്പാറ എന്നിവരെ ആദരിച്ചു.

രൂപതാചാൻസിലർ ഫാ. ഫ്രാൻസീസ് അള്ളുംപുറം എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. അഭിവന്ദ്യ അരുമച്ചാടത്തു പിതാവ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ഭദ്രാവതി രൂപതയുടെ രൂപീകരണത്തിൽ പങ്കുവഹിച്ച തലശ്ശേരി അതിരൂപതയിലെയും, മാതൃരൂപതയായ

മാനന്തവാടിയിലെയും വൈദികമേലദ്ധ്യക്ഷന്മാരെയും, ഇവിടെ നിസ്വാർത്ഥസേവനം കാഴ്ചവച്ച എം.സി.ബി.എസ് വൈദികരെയും അധികാരികളെയും, എല്ലാ സന്യസ്തരെയും പിതാവ് നന്ദിയോടെ അനുസ്മരിച്ചു. പ്രത്യേകമായി മരണംവഴി നമ്മിൽനിന്നും വേർപിരിഞ്ഞ, 30 വർഷത്തെ സുദീർഘമായ സേവനം ഈ മിഷൻ പ്രദേശത്തു കാഴ്ചവച്ച സി. ഡിഗ്ന മരിയ എസ്. എച്ച്, ഈ രൂപതയിലെ മാസ്തികട്ടയിൽ 3 വർഷം സേവനം ചെയ്ത റവ. ഫാ. തോമസ് തുള്ളുമ്പന്മാക്കൽ എം.സി.ബി.എസ്., ആഗുംബയിൽ 3 വർഷം സേവനം ചെയ്ത റവ. ഫാ. മാത്യു മൂത്തേടം എം.സി.ബി.എസ്., ആദ്യകാല കുടിയേറ്റക്കാരായ ശ്രീ ജോസഫ് പന്തപ്പിള്ളി, ശ്രീ തോമസ് മറ്റം, ശ്രീ ജോർജ്ജ് പുതുശ്ശേരി എന്നിവരെയും നന്ദിപൂർവ്വം ഓർത്തു, അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു. വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ട് യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. സി.എം.സി. മാനന്തവാടി പ്രൊവിൻഷ്യൽ ബഹു. സി. മേരി ജെയിംസ് സന്യസ്തരെ പ്രതിനിധീകരിച്ച് ആശംസകളർപ്പിച്ചു. റിപ്പൺപ്പേട്ട് ഫൊറോനാ വികാരി റവ. ഫാ. ജോസഫ് മുതുപ്ലാക്കൽ എല്ലാവർക്കും നന്ദിയർപ്പിച്ചു. വൈകുന്നേരം 4 മണിക്ക് ചായയോടെ ആഘോഷ പരിപാടികൾ സമാപിച്ചു.

ഈ വർഷത്തെ രൂപതാദിനാഘോഷങ്ങൾക്ക് ആതിഥ്യം നൽകുകയും, അതിന്റെ വിജയത്തിനായി സഹകരിക്കുകയും, സാമ്പത്തിക സഹായം നൽകുകയും ചെയ്ത റിപ്പൺപ്പേട്ട് ഇടവകാംഗങ്ങളെ മുഴുവനും, എല്ലാത്തിനും നേതൃത്വം നൽകിയ വികാരി ബഹു. ജോസഫ് മുതുപ്ലാക്കലച്ചൻ, അസിസ്റ്റന്റ് ബഹു. ആന്റണി ഉള്ളാട്ടിലച്ചൻ എന്നിവരെയും, വിവിധ കമ്മിറ്റിയംഗങ്ങളെയും ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

**ആലോചനാസംഘം**

2009 സെപ്റ്റംബർ 04-ാം തിയതി ചേർന്ന ആലോചനാസംഘം രൂപതാദിനാഘോഷങ്ങളേപ്പറ്റിയും, ആരംഭിക്കാൻ പോകുന്ന അൽമായ പരിശീലന പരിപാടിയെപ്പറ്റിയും, പുരോഹിത വർഷാചരണത്തെപ്പറ്റിയും



december layout.pmd 19 12/9/2009, 3:58 PM

ചർച്ച ചെയ്തു. പുരോഹിത വർഷത്തിന്റെ ഭാഗമായി നവംമ്പർ മാസത്തിൽ രൂപതയിലെ എല്ലാ വൈദികർക്കുമായി 3 ദിവസത്തെ ഒരു സെമിനാർ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. നവംമ്പർ 11-ന് ചേർന്ന ആലോചനാ സംഘത്തിൽ രൂപതാദിനാഘോഷം, വൈദികസെമിനാർ, അൽമായ നേതൃത്വ സെമിനാർ എന്നിവയെ വിലയിരുത്തി. പുരോഹിതവർഷ സമാപനത്തോടനുബന്ധിച്ച് ഇടവകാതലത്തിലും രൂപതാതലത്തിലും നടത്തേണ്ട പരിപാടികളെക്കുറിച്ചും, ഡിസംബർ 12-നു നടക്കാനിരിക്കുന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തെക്കുറിച്ചും, ബാലഭവനുകളുടെ ഭാവി നടത്തിപ്പിനെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

## വൈദികസെമിനാർ

പുരോഹിത വർഷത്തിന്റെ ഭാഗമായി 2009 നവംമ്പർ 3 മുതൽ 5 വരെ നടത്തിയ വൈദികസെമിനാർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് അരുമച്ചാടത്ത് ഉദ്ഘാടനം ചെയ്തു. രൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ട് ആമുഖ പ്രഭാഷണം നടത്തി. ഷിമോഗ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജറാൾഡ് ഐസക് ലോബോ വിജയകരമായ അജപാലന പ്രവർത്തനത്തിന് ആവശ്യമായ കാര്യങ്ങൾ തന്റെ അജപാലന അനുഭവങ്ങളുടെ വെളിച്ചത്തിൽ വിശദീകരിച്ചു. ബഹു. മാത്യു ചന്ദ്രൻ കുന്നേലച്ചൻ പുരോഹിതവർഷ ചിന്തകൾ ആനുകാലിക പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ മെച്ചപ്പെട്ട അജപാലന പ്രവർത്തനത്തിനാവശ്യമായ പ്രായോഗിക തീരുമാനങ്ങൾ ഉരുത്തിരിഞ്ഞു. രൂപതാചാൻസിലർ ഫാ. ഫ്രാൻസീസ് അള്ളുംപുറം എല്ലാവർക്കും നന്ദി പറഞ്ഞു.

## പ്രസ്ബിറ്റേറിയം

2009 നവംമ്പർ 03-ന് വൈകുന്നേരം 07 മണിക്ക് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ പ്രസ്ബിറ്റേറിയം ചേർന്നു. പ്രാർത്ഥനക്കു ശേഷം അഭിവന്ദ്യ പിതാവ് എല്ലാവരെയും സ്വാഗതം ചെയ്തു, തുടർന്ന് ആമുഖ

സന്ദേശത്തിൽ രൂപതയുടെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ, അഭിപ്രായങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകാൻ എല്ലാവരെയും ആഹ്വാനം ചെയ്തു. വിവിധ കമ്മീഷനുകൾ, രൂപതയിലെ ബാലഭവനുകൾ, വൃദ്ധസദനങ്ങൾ എന്നിവയുടെയും പ്രവർത്തനങ്ങൾ ചർച്ചചെയ്യപ്പെട്ടു. വൈദികർക്കായി നടത്തപ്പെടുന്ന സെമിനാർ, ആരംഭിക്കാൻ പോകുന്ന അൽമായ പരിശീലനം എന്നിവ നല്ലതാണെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. രൂപതാകമ്മീഷനുകളുടെ മൂന്നു വർഷത്തെ പ്രവർത്തനപരിപാടികളുടെ രൂപരേഖ ഡിസംബർ ഒന്നാം തിയതി ചർച്ചചെയ്യാൻ തീരുമാനമായി. വിശദീകരണങ്ങൾക്കും പ്രായോഗിക നിർദ്ദേശങ്ങൾകും ശേഷം യോഗം സമാപിച്ചു.

## അൽമായ നേതൃത്വപരിശീലനം

നല്ലൊരു അൽമായ നേതൃത്വനിരയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ രൂപത ആരംഭിച്ചിരിക്കുന്ന അൽമായ നേതൃത്വപരിശീലന പരിപാടിക്ക് നവംബർ 7-ന് അഭിവന്ദ്യ അരുമച്ചാടത്ത് പിതാവ് തിരിതെളിച്ചു. വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ട് കോഴ്സിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിച്ചു സംസാരിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽനിന്നുമായി തിരഞ്ഞെടുക്കപ്പെട്ട 50 അൽമായരെ ഉൾപ്പെടുത്തി ആരംഭിച്ചിരിക്കുന്ന മൂന്നുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലന പരിപാടിയുടെ ആദ്യ സെഷനിൽ മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് മൂലയിൽ 'സഭാജീവതത്തിൽ അൽമായ പങ്കാളിത്വം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. റവ. ഫാ. ജോസഫ് മുതുപ്ലാക്കൽ എം.എസ്.റ്റി, റവ. സി. ലില്ലി തോമസ് എസ്.എച്ച് എന്നിവർ പരിശീലനപരിപാടിക്ക് നേതൃത്വം കൊടുക്കും.

## അൽമായ കമ്മീഷൻ

2009 നവംബർ 11-ന് ചേർന്ന ആലോചനാസംഘം തഴെപ്പറയുന്ന



december layout.pmd 21 12/9/2009, 3:58 PM

വരെ ഉൾപ്പെടുത്തി അൽമായ കമ്മീഷൻ രൂപീകരിച്ചു:

റവ. ഫാ. ജോസഫ് മുതുപ്ലാക്കൽ എം.എസ്.റ്റി (ഡിറക്ടർ)
റവ. സി. ലില്ലി തോമസ് എസ്.എച്ച്
ഡോ. വർഗ്ഗീസ് പുളിക്കൽ
ശ്രീ. ജോമി മാത്യു ചെറുകാട്ട്
പ്രൊഫസർ ജാൻസി സാജൻ

## മതബോധന ബൈബിൾ കലാമത്സരങ്ങൾ

മതബോധന കമ്മീഷന്റെ ആഭിമുഖ്യത്തിൽ മതബോധന വിദ്യാർത്ഥി കൾക്കായി ബൈബിൾ കലാമത്സരങ്ങൾ 2009 ഒക്ടോബർ 5-ന് ഗാഡിക്കൊപ്പ സാൻജോസ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നുമായി 219 പേർ ബൈബിൾവായന, പ്രസംഗം, പാട്ട്, മോണോ ആക്ട്, ഫാൻസി ഡ്രസ്സ്, നൃത്തം എന്നീ വ്യക്തിഗത ഇനങ്ങളിലും സ്കിറ്റ്, സംഘനൃത്തം, സംഘഗാനം, ആക്ഷൻ സോംഗ്, ബൈബിൾ ക്വിസ് എന്നീ ഗ്രൂപ്പ് ഇനങ്ങളിലും പങ്കെടുത്തു. രൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു, രൂപതാ ചാൻസിലർ ഫാ. ഫ്രാൻസീസ് അള്ളുംപുറം സമ്മാനങ്ങൾ വിതരണം ചെയ്തു.

മത്സരങ്ങളിൽ റിപ്പൺപ്പേട്ട് ഇടവക ഓവറോൾ ചാമ്പ്യൻഷിപ്പും, ഹൊസ്സൂർ (ഇൻഡുവള്ളി), ഷിമോഗ ഇടവകകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി. മത്സരയിനങ്ങളിൽ സജീവമായി പങ്കെടുക്കാൻ കുട്ടികളെ ഒരുക്കിയ വികാരിയച്ചന്മാർ, സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ എന്നിവരെയും എല്ലാം ഭംഗിയായി ക്രമീകരിച്ച ഡിറക്ടർ ഫാ. വർഗീസ് പൊടിപ്പാറയെയും എല്ലാ കമ്മീഷൻ അംഗങ്ങളെയും അനുമോദിക്കുന്നു.

## മാസധ്യാനം

2009 ഒക്ടോബർ 6-ന് വൈദികർക്കും സന്യസ്തർക്കുമായി ഒരുമിച്ചും, നവംബർ 10-ന് സന്യാസ സഹോദരിമാർക്കും മാസധ്യാനങ്ങൾ ബിഷപ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ടു. ഒക്ടോബർ മാസത്തെ ധ്യാനത്തിന് ബഹു.

ജോസഫ് മണിയമ്പാറയച്ചനും, നവംബർ മാസത്തിലെ ധ്യാനത്തിന് ബഹു. ജനറാളച്ചനും വചനസന്ദേശം നൽകി. ഡിസംബർ മാസത്തിലെ മാസധ്യാനം സംയുക്തമായി ഡിസം. 1-ാം തിയതി ബിഷപ്സ് ഹൗസിൽ വച്ച് നടത്തി. KRCBC-യുടെ Commission for Evangelization സെക്രട്ടറിയായ ബഹു. റൊണൾഡ് കർഡോസ വചന സന്ദേശം നൽകി. തുടർന്നുള്ള ചർച്ചകൾക്കും അദ്ദേഹം നേതൃത്വം നൽകി. 2010 ജനുവരിയിൽ പൊതുവായ മാസധ്യാനം ഉണ്ടായിരിക്കില്ല. 2010 ഫെബ്രുവരി 3-ന് വൈദികർക്കും സന്യസ്തർക്കും സംയുക്തമായി മാസധ്യാനം ബിഷപ്സ് ഹൗസിൽ വച്ച് നടത്തപ്പെടും.

## സീറോമലബാർ മിഷൻ ഞായർ

സീറോമലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ അനുസ്മരിക്കാനും, അവയുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനുമായി ഉദ്ദേശിച്ചുള്ള സീറോമലബാർ മിഷൻ ഞായർ ദിനം 2010 ജനുവരി 10-നാണ്. അന്നേദിവസം പ്രത്യേക പ്രാർത്ഥന നടത്തുവാനും, സ്തോത്രക്കാഴ്ച നടത്തി കിട്ടുന്ന തുക സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി അയച്ചു കൊടുക്കാൻ രൂപതാകേന്ദ്രത്തിലെത്തിച്ചുതരുവാനും ബഹു. വികാരിയച്ചന്മാരെ ഓർമ്മിപ്പിക്കുന്നു.

## സഭൈക്യവാരം

ലോകതലത്തിലും പ്രാദേശികതലങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന സഭൈക്യശ്രമങ്ങളോടുചേർന്ന് ഒരു തൊഴുത്തും ഒരിടയനും എന്ന യേശുവിന്റെ പ്രാർത്ഥന ഫലമണിയുവാനായി പ്രാർത്ഥിക്കാൻ മാറ്റിവച്ചിരിക്കുന്ന ദിനങ്ങളാണ് 2010 ജനുവരി 17 മുതൽ 24 വരെയുള്ള ദിവസങ്ങൾ. ആ ദിവസങ്ങളിൽ സഭൈക്യത്തിനായുള്ള പ്രത്യേക പ്രാർത്ഥനകൾ നടത്താൻ ശ്രദ്ധിക്കുമല്ലോ.

## തിരുബാലസഖ്യദിനം

2010 ഫെബ്രുവരി 14-ാം തിയതി ഞായറാഴ്ച ആഗോളസഭ

തിരുബാലസഖ്യദിനം ആചരിക്കുന്നു. ലോകമെമ്പാടുമുള്ള കുഞ്ഞുങ്ങളെ, കുട്ടികളെ ഓർക്കാനും, പ്രാർത്ഥിക്കാനും, സഭയുടെ ശിശുക്ഷേമ പ്രവർത്തനങ്ങളെ സഹായിക്കാനുമായി നീക്കി വയ്ക്കപ്പെട്ട ദിവസം. അന്നേ ദിവസം വി. കുർബാനമദ്ധ്യേ പ്രത്യേകപിരിവ് നടത്തി ലഭിക്കുന്ന സംഖ്യ എത്രയും വേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

## വലിയനോമ്പ്

വലിയനോമ്പ് 2010 ഫെബ്രുവരി 14-ന് ആരംഭിക്കുന്നു. ഇടവകകളിലെ ആഘോഷങ്ങൾ അതനുസരിച്ച് ക്രമപ്പെടുത്താൻ ബഹു. വികാരിയച്ചന്മാരെ ഓർമ്മിപ്പിക്കുന്നു.

## ഭദ്രദീപ

ഭദ്രദീപയുടെ അടുത്ത ലക്കം 2010 മാർച്ചിൽ പ്രസിദ്ധീകരിക്കും. 2010 ഫെബ്രുവരി 15-നു മുമ്പായി വാർത്തകൾ തന്നു സഹകരിക്കാൻ കമ്മീഷൻ ഡിറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. രൂപതയുടെ പ്രവർത്തന റിപ്പോർട്ട് ദൈവജനത്തിന്റെ അറിവിലേക്കും എത്തിക്കാനായുള്ള പരിശ്രമത്തിന്റെ ഭാഗമായി ഭദ്രദീപയുടെ കോപ്പികൾ ഇടവകകളിലെ സംഘടനകളും, സാധിക്കുന്ന കുടുംബങ്ങളും വാങ്ങിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ബഹു. വികാരിയച്ചന്മാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

**ഫാ. ഫ്രാൻസീസ് അള്ളുംപുറം**
രൂപതാ ചാൻസിലർ

# Appointment

| | |
|---|---|
| Rev. Fr. Paulose Chalackal, OSST (Mob. 9632845336) | : Vicar, St. Mary's Church & Director, Maria Balabhavan, Holehonnur |

**Msgr. George Njaralakkatt**
**Protosyncellus**

# പ്രഭുയേശു മഹോത്സവ്

'പ്രഭുയേശു മഹോത്സവ്' എന്ന പേരിൽ 2009 ഒക്ടോബർ 14 മുതൽ 18 വരെ ബോംബെ ഗൊരെഗാവിലുള്ള സെന്റ് പയസ് കോളേജിൽ വച്ച് നടന്ന പ്രഥമ ഇൻഡ്യൻ മിഷൻ കോൺഗ്രസ്സിൽ ഇൻഡ്യയിലെ 160 രൂപത കളിൽ നിന്നായി 1200 പ്രതിനിധികളും 105 മെത്രാന്മാരും പങ്കെടുത്തു. സമ്മേളനത്തിന്റെ പ്രമേയം 'നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ' (മത്താ. 5,10) എന്നതായിരുന്നു.

ലോകത്തിന്റെ പ്രകാശമായ യേശുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ വലിയൊരു ആഘോഷവും പ്രഘോഷണവുമായിരുന്നു സമ്മേളനം. പ്രാർത്ഥന, വിവിധ റീത്തുകളിലുള്ള ആരാധന, പ്രഭാഷണങ്ങൾ, വ്യക്തിഗത സാക്ഷ്യങ്ങൾ, ചർച്ചകൾ, കലാ-സാംസ്കാരിക പരിപാടികൾ എന്നിവയി ലൂടെ ഈ സമ്മേളനം പങ്കെടുത്ത എല്ലാവർക്കും ഒരു അനുഭവമായി. ഭാരതത്തിന്റെ 13 റീജയണുകളിൽ നിന്നുള്ള ഗ്രൂപ്പുകൾ അവതരിപ്പിച്ച വിവിധ പരിപാടികളിലൂടെ ക്രിസ്തുവെളിച്ചം നമ്മുടെ നാട്ടിൽ എങ്ങനെ പ്രകാശി പ്പിക്കപ്പെടുന്നെന്ന് വ്യക്തമാക്കപ്പെട്ടു. നിങ്ങൾ ലോകമെങ്ങും പോയി എന്റെ സുവിശേഷം അറിയിക്കുവിൻ എന്ന ദിവ്യഗുരുവിന്റെ ആഹ്വാനം ശ്രവിച്ച് ഭാരതമണ്ണിലേക്ക് കടന്നുവന്ന നമ്മുടെ പിതാവായ മാർ തോമാശ്ലീഹാ മുതൽ ഒറീസ്സായിലെ കാണ്ടമാനിൽ സ്വജീവൻ ത്യജിച്ചും, പീഡനങ്ങളുടെ മദ്ധ്യേ ധീരതയോടെ യേശുവിന് സാക്ഷ്യംവഹിച്ച ദളിതക്രൈസ്തവർ വരെയുള്ളവരിലൂടെ പ്രകാശിക്കുന്ന ക്രിസ്തുവിന്റെ വെളിച്ചം ഈ സമ്മേളനത്തിൽ തെളിഞ്ഞുനിന്നു. യേശുവിലൂടെ സ്വയം വെളിപ്പെടുത്തുകയും, സ്വയംദാനം ചെയ്യുകയും ചെയ്യുന്ന ദൈവത്തിന്റെ സ്നേഹസന്ദേശം അറിയുവാനുള്ള അവകാശം മാനവവംശം മുഴുവനും ഉണ്ടെന്ന അവബോധത്തിൽ, സഭ നിരന്തരം യേശുവിനെ പ്രഘോഷി ക്കേണ്ടിയിരിക്കുന്നുവെന്ന ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായുടെ ആഹ്വാനം ഈ സമ്മേളനത്തിൽ നിറഞ്ഞുനിന്നു (EA, 20).

ജീവകാരുണ്യപ്രവർത്തനങ്ങൾ, വികസനപ്രവർത്തനങ്ങൾ, വിവിധ മതങ്ങളും സംസ്കാരങ്ങളുമായുള്ള സംവാദം, ജീവിതസാക്ഷ്യം, വചന പ്രഘോഷണം, നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള ഇടപെടലുകൾ എന്നിവയിലൂടെ ക്രൈസ്തവർ കൂടുതൽ തീക്ഷണമായി ഈ ലോകത്തിൽ പ്രകാശിക്കുവാൻ ആഹ്വാനം ചെയ്യുന്നതായിരുന്നു ഈ സമ്മേളനം. പങ്കെടുത്ത എല്ലാവർക്കും ഇതൊരു നവപന്തക്കുസ്താനുഭവമായിരുന്നു.

ഭദ്രാവതി രൂപതയിൽനിന്നും വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ട്, ഫാ. എമ്മാനുവൽ മാമ്മൂട്ടിൽ, സി. ഫാത്തിമ എസ്.എ.ബി.എസ്., ശ്രീ. ജോസഫ് ഒറ്റപ്ലാക്കൽ, അരുൺ കല്ലറയ്ക്കൽ, അഞ്ചു പുന്നത്താനത്ത് എന്നിവർ പങ്കെടുത്തു.

**ഫാ. ജോർജ്ജ് ഞരളക്കാട്ട്**

# യുവജ്യോതി – യുവജനപ്രേഷിതത്വം

## രൂപതാ യുവജനസംഗമം 2009

ഭദ്രാവതി രൂപതയുടെ ആദ്യ യുവജനസംഗമം 2009 സെപ്റ്റംബർ 26-28 തിയതികളിൽ റിപ്പൺപ്പേട്ടിൽ വച്ചു നടത്തപ്പെട്ടു. യുവജനങ്ങൾ സഭയുടെയും സമൂഹത്തിന്റെയും മുഖ്യധാരയിലേക്കു കടന്നുവരാൻ ഈ ക്യാമ്പ് പ്രേരകമാകണമെന്നും ഭദ്രാവതി രൂപതയുടെ ഭാവിയിൽ യുവജന ങ്ങളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണെന്നും ത്രിദിന യുവജനസംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് രൂപതാ ചാൻസിലർ റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം യുവജനങ്ങളെ ഓർമ്മിപ്പിച്ചു. ഫാ. അലക്സ് തെക്കേക്കുറ്റ്, ഫാ. ജെയിസൺ കാഞ്ഞിരംപാറയിൽ എന്നിവർ ക്ലാസ്സുകൾക്കും, ശ്രീ. ജോബി ഗാനശുശ്രൂഷക്കും നേതൃത്വം നൽകി. യുവജനങ്ങളിൽ മറഞ്ഞിരിക്കുന്ന കഴിവുകൾ കണ്ടെത്താനായി സംഘടിപ്പിച്ച മത്സരങ്ങളിൽ റിപ്പൺപേട്ട് ഇടവക ഒന്നാം സ്ഥാനവും, ഹൊസ്സൂർ (ഇൻഡുവള്ളി) ഇടവക രണ്ടാം സ്ഥാനവും കരസ്ഥമാക്കി. നാഷണൽ യൂത്ത് പ്രസിഡന്റ് ശ്രീ സജീഷ് ക്യാമ്പ് സന്ദർശിച്ച് യുവജനങ്ങളെ അഭിസംബോധന ചെയ്തു സംസാരിച്ചു. സമാപന സമ്മേളനത്തിൽ റിപ്പൺപേട്ട് ഫൊറോനാ വികാരി റവ. ഫാ.

ജോസഫ് മുതുപ്ലാക്കൽ സന്ദേശം നൽകി, തുടർന്ന് സമ്മാനങ്ങൾ വിതരണം ചെയ്തു.

## റീജണൽ യുവജന സംഗമം

കർണാടക റീജണൽ യുവജന നേതൃത്വ സംഗമം ബെല്ലാരിയിൽ 2009 സെപ്റ്റംബർ 4,5 തിയതികളിൽ നടന്നു. കർണാടക യൂത്ത് പാസ്റ്ററൽ പ്ലാൻ അവലോകനം നടത്തി. പൗരാവകാശങ്ങൾ കാത്തുസൂക്ഷിക്കുന്നതിലും രാഷ്ട്രത്തോടുള്ള കടമകൾ നിർവഹിക്കുന്നതിലും യുവാക്കൾ ശ്രദ്ധാലുക്കളാകണമെന്ന് യോഗം ഓർമ്മപ്പെടുത്തി. അരുൺ കല്ലറയ്ക്കൽ, ജസ്റ്റിൻ, എന്നിവർ നമ്മുടെ രൂപതയിൽ നിന്നും സംഗമത്തിൽ പങ്കെടുത്തു.

## നാഷണൽ യൂത്ത് കോൺഫ്രൻസ്

ഉഡുപ്പി Divine Call Centre ൽ 2009 നവംമ്പർ 5 മുതൽ 8 വരെ നടന്ന യൂത്ത് കോൺഫ്രൻസിൽ ഫാ. ജെയിസൺ കാഞ്ഞിരംപാറയിൽ, സി. ലിസ്സ ജെയിംസ് എസ്. എച്ച്., രൂപതാ യുവജന ഭാരവാഹികളായ അരുൺ കല്ലറയ്ക്കൽ, ബിബിൻ തച്ചുകുന്നേൽ, ജസ്റ്റിൻ, അനു തോണിക്കുഴിയിൽ എന്നിവർ പങ്കെടുത്തു. യുവജനങ്ങളും സഭാപങ്കാളിത്തവും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകളും, C.B.C.I. യുവജനപ്രേഷിതത്വ ത്തിനായി രൂപീകരിക്കുന്ന നയപരിപാടികളെ സംബന്ധിക്കുന്ന ചർച്ചകളും ഉണ്ടായിരുന്നു. National Youth Award 2009 വിതരണം ചെയ്തു.

## ജീസസ് യൂത്ത്

2009 നവംമ്പർ 15-ാം തിയതി രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 മണിവരെ ഷിമോഗ സെ. ജോസഫ് ഇടവകയിൽ ജീസസ് യൂത്തിന്റെ ഏകദിന പ്രാർത്ഥന നടന്നു. ഷിമോഗയിലെ വിവിധ നേഴ്സിംഗ് കോളേജു കളിൽ നിന്നുമായി 200-ഓളം യുവജനങ്ങൾ പ്രാർത്ഥനയിൽ പങ്കെടുത്തു. റവ. ഫാ. വർഗ്ഗീസ് പൊടിപാറ, സെഹിയോൻ പ്രാർത്ഥനാകേന്ദ്രത്തിൽ നിന്നു വന്ന ശ്രീ. റാഫേൽ എന്നിവർ ക്ലാസ്സുകൾ എടുത്തു. ജീസ്സസ് യൂത്ത് കർണാടക ടീം ലീഡർ നിജുവും സന്നിഹിതനായിരുന്നു. പങ്കെടുത്ത

വർക്കായി കൗൺസിലിംഗ് സൗകര്യം ഉണ്ടായിരുന്നു. വി. കുർബാനയുടെ ആരാധനയോടെ പ്രാർത്ഥന സമാപിച്ചു.

**ഫാ. ജെയിസൺ കാഞ്ഞിരംപാറയിൽ**
രൂപതാ ഡിറക്ടർ, യുവജന പ്രേഷിതത്വം

## ചെറുപുഷ്പ മിഷൻലീഗ്

പ്രിയ കുഞ്ഞുമിഷനറിമാരെ,

ഉണ്ണീശോയെ ജീവിതത്തിലും ഹൃദയത്തിലും സ്വീകരിക്കാൻ അകന്ന ഒരുക്കം നടത്തിക്കൊണ്ടിരിക്കുന്ന നിങ്ങൾക്കേവർക്കും ആശംസകൾ. ക്രിസ്തുമസ്സിനായുള്ള ഒരുക്കം കൂടുതൽ ഫലപ്രദമാക്കാൻ കുഞ്ഞുമിഷനറി മാർക്കായി മിഷൻലീഗ് പ്രത്യേക പ്രാർത്ഥന അണിയിച്ചൊരുക്കുന്നു.

### മേഖലാ ഡയറക്ടർമാർ

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി ഫാ. ജോർജ്ജ് തുറയ്ക്കലും (റിപ്പൺപ്പേട്ട് മേഖല), ഫാ. മൈക്കിൾ ഒരപ്പുഴിക്കലും (ഷിമോഗ മേഖല) തെരഞ്ഞെടുക്കപ്പെട്ടു.

### പുരോഹിതവർഷം

പുരോഹിതവർഷത്തോടനുബന്ധിച്ച് രൂപതയിലുള്ള മുഴുവൻ വൈദികരെയും പ്രത്യേക പ്രാർത്ഥനക്കായി ഓരോ ശാഖകൾ ഏറ്റെടുത്തു. ഓരോ ശാഖയെയും മറ്റു ശാഖകൾക്ക് പ്രാർത്ഥിക്കാനായി നൽകി.

### 'ക്രിസ്മസ്സ് പോട്ട്'

ശാഖകളിലെ സാമ്പത്തിക ആവശ്യങ്ങൾക്കായി ഇരുപത്തിയഞ്ച് നോമ്പിന്റെ നാളുകളിലെ പരിത്യാഗം വഴി സ്വരൂപിക്കുന്ന തുക അതാതു ശാഖകളിൽ 'ക്രിസ്മസ്സ് പോട്ടി'ൽ ശേഖരിക്കാൻ തീരുമാനമായി.

## ഭാരവാഹികൾക്ക് പരിശീലന ക്യാമ്പ്

ചെറുപുഷപ മിഷൻലീഗ് ഭാരവാഹികളുടെ പരിശീലന ക്യാമ്പ് 2008 നവംമ്പർ 28-ന് ഷിമോഗ സെ. ജോസഫ് പള്ളിയിൽ വച്ചു നടത്തപ്പെട്ടു. ശാഖാ, ഫൊറോന, രൂപതാ ഭാരവാഹികളും, ശാഖാ ആനിമേറ്റേഴ്സും കൂടി 73 പേർ പങ്കെടുത്തു. രാവിലെ 10.30-ന് രൂപതാ പ്രസിഡന്റ് ശ്രീ. ഫ്രാൻസീസ് അമ്പാട്ട് പതാകയുയർത്തി. ഫാ. ജോസഫ് മണിയംപാറ എല്ലാവരെയും സ്വാഗതം ചെയ്തു. മിഷൻലീഗിന്റെ ചൈതന്യം സ്വായത്തമാക്കി ഏഷ്യയിലെ ഏറ്റവും വലിയ അൽമായ സംഘടനയിൽ തങ്ങൾ അംഗങ്ങളാണെന്ന ബോദ്ധ്യത്തിൽ വളരാൻ ഈ ക്യാമ്പ് സഹായകമാകട്ടെ എന്ന ആശംസ യോടെ പെരിയ ബഹു. വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ട്, രൂപതാ ചാൻസിലർ റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം, ചെറുപുഷ്പ മിഷൻലീഗ് അന്താരാഷ്ട്ര പ്രസിഡന്റ് ശ്രീ. തോമസ് ഏറണാട്ട്, രൂപതാ ഡിറക്ടർ ഫാ. ജിമ്മി മാമ്മൂട്ടിൽ, രൂപതാ പ്രസിഡന്റ് ശ്രീ. ഫ്രാൻസീസ് അമ്പാട്ട്, രൂപതാ സെക്രട്ടറി ശ്രീ. ജിസ്സ് മറ്റം എന്നിവരുടെ സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ അരുമച്ചാടത്ത് പിതാവ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. മിഷൻ ലീഗിന്റെ ചരിത്രപശ്ചാത്തലം, പ്രവർത്തനപരിപാടികൾ എന്നിവ വിശദീകരിച്ചു കൊണ്ട് ശ്രീ. തോമസ് ഏറണാട്ട് സാർ ക്ലാസ്സെടുത്തു. അഭിവന്ദ്യപിതാവിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചകൾക്കും പ്രയോഗിക നിർദ്ദേശങ്ങൾക്കും ശേഷം വൈകുന്നേരം 4.30-ന് ക്യാമ്പ് സമാപിച്ചു. രൂപതാ ആനിമേറ്റർ സി. റിൻസി എഫ്.സി.സി. എല്ലാവർക്കും നന്ദി പറഞ്ഞു.

## ശാഖാ സന്ദർശനം

2010 ജനുവരി-ഫെബ്രുവരി മാസങ്ങളിലെ ഞായറാഴ്ചകളിൽ രൂപതയിലെ മുഴുവൻ ശാഖകളും മിഷൻലീഗ് രൂപതാസമിതി സന്ദർശിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതാണ്. വിശദവിവരങ്ങൾ ശാഖാ ഡയറക്ടേഴ്സിനെ പിന്നീട് അറിയിക്കുന്നതാണ്.

### 'ആത്മീയ പുൽക്കൂട്'

ക്രിസ്തുമസിന് ഒരുക്കമായി ഉണ്ണീശോയ്ക്ക് 'ആത്മീയ പുൽക്കൂട്' നിർമ്മിക്കാൻ ദിനംപ്രതിയുള്ള പ്രാർത്ഥനകളും സുകൃതജപങ്ങളും എല്ലാ ശാഖകളിലുമെത്തിച്ചു. നിങ്ങളുടെ ഓരോരുത്തരുടെയും നിസീമമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ക്രിസ്തുമസ് നവവത്സരാംശംസകളോടെ.

**ഫാ. ജിമ്മി മാമ്മൂട്ടിൽ**

ചെറുപുഷ്പ മിഷൻലീഗ് രൂപതാഡിറക്ടർ

## കുടുംബപ്രേഷിതത്വം

രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും സമാഗതമാകുന്ന ക്രിസ്മസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളാശംസകൾ. ഓരോ കുടുംബവും തിരുക്കുടുംബസമാനമാകട്ടെ, ഓരോ വ്യക്തിയും ദിവ്യസ്നേഹ ചൈതന്യത്താൽ നിറയട്ടെ എന്നും പ്രാർത്ഥിക്കുന്നു.

### ദമ്പതികൂട്ടായ്മ

ഇടവകകളിൽ ദമ്പതികൂട്ടായ്മകൾ വളരെ നന്നായി നടക്കുന്നു. അടുത്തു വരുന്ന ദമ്പതികൂട്ടായ്മകൾ:

| | | |
|---|---|---|
| 2009 ഡിസംബർ 13 | : | ഭദ്രാവതി |
| 2010 ജനുവരി 24 | : | റിപ്പൺപ്പേട്ട് |
| 2010 ഫെബ്രുവരി 21 | : | ഷിമോഗ |

### കമ്മീഷൻ മീറ്റിംഗ്

2009 നവംമ്പർ 10-ാം തിയതി ബിഷപ്സ് ഹൗസിൽ വച്ച് കുടുംബപ്രേഷിതത്വ കമ്മീഷൻ മീറ്റിംഗ് നടന്നു. വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ട്, ചാൻസിലർ റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം, ഫാമിലി

കമ്മീഷൻ ഡിറക്ടർ റവ. ഫാ. ജോസ് അന്ത്യാംകുളം, കമ്മീഷൻ അംഗം റവ. ഫാ. തോമസ് പള്ളത്ത് എന്നിവരുടെ യോഗത്തിൽ കമ്മീഷനെ വിപുലമാക്കികൊണ്ട് ശ്രീ. ജോമി മാത്യു ചെറുകാട്ട്, ഡോ. വർഗീസ് പുളിക്കൽ, ഡോ. ബീന വർഗീസ്, പ്രൊഫസർ ജാൻസി സാജൻ എന്നിവരെ പുതുതായി ഉൾപ്പെടുത്തി. അവരെ ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു, അവരുടെ സന്മനസിനു നന്ദി പറയുന്നു.

## വിവാഹത്തിനൊരുക്കമായ കോഴ്സ്

2009 നവംമ്പർ 25-28 മാച്ചനഹള്ളി ജോർദാൻ മുക്തിസദനിൽ വച്ച് നടത്തപ്പെട്ട വിവാഹത്തിനൊരുക്കമായ കോഴ്സിൽ 26 പേർ പങ്കെടുത്തു. രൂപതാചാൻസിലർ റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം നിലവിളക്കു കൊളുത്തി കോഴ്സ് ഉദ്ഘാടനം ചെയ്തു. തുടർന്നു ബൈബിൾ പ്രതിഷ്ഠയ്ക്കും പ്രാർത്ഥനക്കും ബഹു. മത്തായിയച്ചൻ നേതൃത്വം നൽകി. മോൺ. ജോർജ്ജ് ഞരളക്കാട്ട്, റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം, റവ. ഫാ. ജോസ് അന്ത്യാംകുളം, റവ. ഫാ. തോമസ് പള്ളത്ത്, ശ്രീ ജോമി മാത്യു, ഡോ. വർഗീസ് പുളിക്കൽ, ഡോ. ബീന വർഗീസ്, പ്രൊഫസർ ജാൻസി സാജൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുത്തു. സമാപനദിവസമായ 28-ാം തിയതി അഭിവന്ദ്യ അരുമച്ചാടത്ത് പിതാവ് വി. കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി, തുടർന്ന് കോഴ്സിൽ സംബന്ധിച്ചവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കോഴ്സിന് എല്ലാ സജ്ജീകരണങ്ങളും ചെയ്ത ബഹു. മത്തായിയച്ചനും, സഹകരിച്ച സി. റ്റാൻസി എസ്. എച്ച്, മാച്ചനഹള്ളി കർമ്മലീത്തമഠത്തിലെ സഹോദരിമാർ എന്നിവർക്കും സ്നേഹപൂർവം നന്ദി.

**ഫാ. ജോസ് അന്ത്യാംകുളം**
ഡിറക്ടർ, കുടുംബപ്രേഷിതത്വം

# മാതൃവേദി

നമ്മുടെ രൂപതയുടെയും ഇടവകകളുടെയും ആത്മീയജീവിതത്തിന്റെയും നവീകരണത്തിന്റെയും പ്രചോദനകേന്ദ്രമായി പ്രവർത്തിക്കുന്ന മാതൃവേദി ബഹു. വികാരിയച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിലും, മാർഗ്ഗനിർദ്ദേശത്തിലും ഭംഗിയായി മുന്നോട്ടു പോകുന്നതിൽ ഏറെ സന്തോഷമുണ്ട്. ഇടവകകളിൽ മാസംതോറും അമ്മമാരുടെ പ്രാർത്ഥനാ കൂട്ടായ്മകളും, ആനുകാലിക ജീവിത പ്രശ്നങ്ങളെക്കുറിച്ചും,വിശ്വാസ രൂപീകരണത്തെക്കുറിച്ചും ചർച്ചാക്ലാസ്സുകളും നടക്കുന്നുണ്ട്.

അടുത്ത വർഷം കൂടുതൽ ക്രമീകൃതമായി, ഇടവകകളുടെ നവീകരണത്തിനാവശ്യമായ കർമ്മപരിപാടികളുമായി ഉണർന്ന് പ്രവർത്തിക്കുവാൻ നാം കൂടുതൽ മുന്നോട്ട് വരേണ്ടതുണ്ട്. അതിനായി ഇടവകാഭാരവാഹികൾ ബഹു. വികാരിയച്ചന്റെ മാർഗ്ഗനിർദ്ദേശത്തിൽ ഇടവകകളിൽ ഒരു വർഷത്തേക്ക് നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ രൂപരേഖ തയ്യാറാക്കി മാർച്ച് മാസത്തിൽ നടത്തപ്പെടുന്ന മാസധ്യാനാവസരത്തിൽ രൂപതാ ഡിറക്ടറെ ഏൽപിക്കണമെന്ന് താൽപര്യപ്പെടുന്നു. ലഭിക്കുന്ന കർമ്മപരിപാടികളുടെ വെളിച്ചത്തിൽ അടുത്തവർഷം ഫൊറോനാതലത്തിലും, രൂപതാതലത്തിലും നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് രൂപരേഖ തയ്യാറാക്കുന്നതാണ്. രൂപതയിൽ മാതൃവേദിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കർമ്മോത്സുകമാക്കുവാൻ ബഹു. വികാരിയച്ചന്മാരുടെയും ഇടവകഭാരവാഹികളുടെയും സഹകരണം അപേക്ഷിക്കുന്നു. അടുത്ത വർഷം എല്ലാ യൂണിറ്റുകളുടെയും സന്ദർശനവും വിലയിരുത്തലുകളും നടത്തുവാൻ രൂപതാടീം ആഗ്രഹിക്കുന്നു.

**ഫാ. തോമസ് കുളത്തുങ്കൽ**
ഡിറക്ടർ, മാതൃവേദി

# സാമൂഹ്യപ്രവർത്തനം

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുവാൻ ശ്രമങ്ങൾ നടന്നുവരുന്നു. ഡിറക്ടർ ഫാ.വിനോദ് ചെന്നക്കാട്ടുകുന്നേൽ Caritas India യുടെ നേതൃത്വത്തിൽ 2009 ഒക്ടോബർ 5-8 തിയതികളിൽ ന്യൂ ഡൽഹിയിലും, 26-30 തിയതികളിൽ ബാംഗ്ലൂരിലും വച്ചു നടന്ന കാര്യശാലകളിൽ പങ്കെടുത്തു.

## ഗ്രാമവികസനം, ഉപജീവനം

ജനസമ്പർക്കത്തോടുകൂടി ഗ്രാമീണമേലയിൽ ആവശ്യമായ പുതിയ പദ്ധതികൾ ആവിഷ്ക്കാരം നടത്തുവാനായി Caritas India, KROSS എന്നീ സംഘടനകളുടെ നേതൃത്വത്തിൽ ശ്രമം നടക്കുന്നുണ്ട്. നമ്മുടെ സാമൂഹ്യപ്രവർത്തകർക്കും ആനിമേറ്റർമാർക്കും ഇതു സംബന്ധിച്ച പരിശീലനം 2009 ഡിസംബർ 9-11 തിയതികളിൽ നടത്തുന്നതാണ്. ചില സ്ഥലങ്ങളിൽ ജനകീയ ആലോചനായോഗങ്ങളും നടത്തുവാൻ ധാരണയായിട്ടുണ്ട്.

KROSS (കർണാടക പ്രവശ്യയിലെ സാമുഹിക സേവന വിഭാഗത്തിന്റെ സംഘടന) - ന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 25-27 തിയതികളിൽ ബാംഗ്ലൂരിൽ ചേർന്ന മീറ്റിംഗിൽ MSSS കോർഡിനേറ്റർ സി. എത്സാ ജോസും മറ്റു രണ്ട് പ്രവർത്തകരും സംബന്ധിക്കുകയും, KROSS-ന്റെ മാർഗ്ഗനിർദ്ദേശത്തോടുകൂടി സാമൂഹ്യ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇതെ തുടർന്ന് നവംമ്പർ 16-17 തിയതികളിൽ ബാംഗ്ലൂരിൽ ചേർന്ന KROSS ന്റെ ജനറൽ ബോഡിയിൽ ഭദ്രാവതി രൂപതയെ പ്രതിനിധീകരിച്ച് റവ. ഫാ. ജോസഫ് മുതുപ്ലാക്കൽ പങ്കെടുക്കുകയും, ഉപജീവന വികസന മേഖലയിലെ പ്രവർത്തനങ്ങൾ കൃഷിക്കാരുടെ ഗ്രൂപ്പുകളും, സ്വയം സഹായസംഘങ്ങളുടെ ഫെഡറേഷനുകളുമായും ചേർന്ന് സജീവ മാക്കുവാനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

## സ്വയം സഹായസംഘങ്ങളുടെ പ്രവർത്തനങ്ങൾ

MSSS-ന്റെ എല്ലാ സെന്ററുകളിലും ഗ്രൂപ്പുകളുടെ മീറ്റിംഗുകൾ ഭംഗിയായി നടന്നുവരുന്നു. സാമൂഹ്യപ്രവർത്തകർ, ആനിമേറ്റർമാർ എന്നിവർ എല്ലാ മാസവും കൂടി റിപ്പോർട്ടുകൾ അവലോകനം ചെയ്യുന്ന രീതി ശക്തിപ്പെട്ടിട്ടുണ്ട്.

- ഇടുവള്ളി, ഇൻഡുവള്ളി, മാസ്തിക്കട്ടെ സെന്ററുകളിൽ സ്വയം സഹായസംഘങ്ങളുടെ ഫെഡറേഷനുകൾ യോഗം ചേർന്ന് പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.
- മാസ്തികട്ടെ, ഹൊളെഹൊന്നൂർ സെന്ററുകളിൽ SHG-ചേർന്ന് ഹെൽത്ത് ക്യാമ്പും ആരോഗ്യ ബോധവൽക്കരണ സെമിനാറുകളും നടത്തി.

## പഞ്ചായത്ത്‌രാജ്-പരിശീലനം

ഗ്രാമപഞ്ചായത്തുകളിലെ ഭരണം സുതാര്യവും സംശുദ്ധവുമാക്കുവാനും, അടുത്തു നടക്കുവാനുള്ള പഞ്ചായത്ത് തെരഞ്ഞെടുപ്പുവേളയിൽ കഴിവുള്ള ഗ്രാമീണ നേതൃത്വം ഉരുത്തിരിഞ്ഞുവരുവാനുമായി സ്വയം സഹായസംഘങ്ങളെ ഒരുക്കിയെടുക്കേണ്ടത് അത്യാവശ്യമാണ്. ആയതിലേക്ക് ഒരു പ്രത്യേക പരിശീലന പരിപാടി KROSS-ന്റെ നേതൃത്വത്തിൽ ഒക്ടോബർ 27-28 തിയതികളിൽ മാച്ചനഹള്ളിയിൽ വച്ച് നടത്തപ്പെട്ടു. നമ്മുടെ എല്ലാ കോർഡിനേറ്റർമാർ, ആനിമേറ്റേഴ്സ്, മറ്റു സാമൂഹ്യപ്രവർത്തകർ എല്ലാവരും സജീവമായി പങ്കെടുത്തു.

## വിദ്യാഭ്യാസം

- റിപ്പൺപ്പേട്ട് സ്കൂളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം ലഭിക്കാനായി ഒരു പ്രത്യേക പരിശീലന പദ്ധതി, സൊസൈറ്റിയുടെ സഹകരണത്തോടെ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്.

- പ്രൈമറി വിദ്യാഭ്യാസരംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാനായി ഹൊളെഹൊന്നൂർ മേലയിൽ ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങയിട്ടുണ്ട്.

## ദുരിതാശ്വാസം

ഉത്തരകർണാടകയിൽ സമീപകാലത്തുണ്ടായ വെള്ളപ്പൊക്ക കെടുതികളിൽ കഷ്ടപ്പെടുന്നവർക്കായി ദുരിതാശ്വാസം എത്തിക്കുവാൻ നമ്മുടെ വിവിധ സെന്ററുകളിലെ പ്രവർത്തകർ മറ്റു സംഘടനകളുമായും ഗവണ്മെന്റുമായും യോജിച്ചു പ്രവർത്തിക്കുന്നുണ്ട്. ഹൊളെഹൊന്നൂരിലെ സംഘങ്ങൾ ചേർന്ന് ഒരു പ്രത്യേക ദുരിതാശ്വാസനിധി പിരിച്ചെടുത്ത് ജില്ലാ കളക്ടറേറ്റിൽ എത്തിച്ചു എന്നത് പ്രസ്താവ്യമാണ്.

## നവജീവൻ കമ്യൂണിറ്റി കെയർ സെന്റർ

ഭദ്രാവതി രൂപതയുടെ നേതൃത്വത്തിൽ ബൊമ്മൻകട്ടെയിൽ ആരംഭിച്ച കമ്യൂണിറ്റി കെയർ സെന്റർ ഭംഗിയായി പ്രവർത്തിച്ചു വരുന്നു. കർണാടക ഹെൽത്ത് പ്രൊമോഷൻ സൊസൈറ്റി (KHPT), ഷിമോഗ മക്ഗാൻ ഹോസ്പിറ്റൽ, ജില്ലാ എയ്ഡ്സ് നിവാരണ സെൽ എന്നിവയുമായി ചേർന്ന് മറ്റു NGO കളുമായും സഹകരിച്ചുമാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. HIV/AIDS ബാധിതർക്ക് മരുന്ന്, കൗൺസിലിംഗ്, കിടത്തിയുള്ള ചികിത്സ, തുടർശുശ്രൂഷകൾ ഇവ ലഭ്യമാക്കുവാൻ നമ്മുടെ നവജീവൻ കമ്യൂണിറ്റി കെയർ സെന്ററിൽ സേവനസന്നദ്ധരായ ഒരു നല്ല സംഘം പ്രവർത്തകർ ഉണ്ട്. ഇവർക്കു വേണ്ടി പ്രത്യേക പരിശീലനങ്ങൾ ബാംഗ്ലൂർ, ഭദ്രാവതി എന്നീ സ്ഥലങ്ങളിൽ വച്ച് വിവിധ തിയതികളിൽ നടത്തപ്പെട്ടു. ജില്ലാ-താലൂക്ക് ആസ്പത്രികൾ, District Aids Cell എന്നിവയിലെ ഡോക്ടർമാരും സ്റ്റാഫും ഈ സംരഭത്തിൽ നമ്മുടെ പ്രസ്ഥാനത്തോട് നല്ല സഹകരണം തരുന്നു എന്നത് സന്തോഷപൂർവ്വം രേഖപ്പെടുത്തുന്നു.

ഡിസംബർ 1-ാം തിയതി ലോക എയ്ഡ്സ്ദിനം ആചരിക്കുവാൻ ഗവണ്മെന്റ്, മറ്റു സംഘടനകൾ ഇവയുമായി ചേർന്ന് കൂട്ടായ യത്നം നടക്കുന്നുണ്ട്.

**ലഘുഉദ്യോഗ സംരഭങ്ങൾ**

ആനന്ദപുരം സെന്ററിൽ ജീവോദയ വിമൻസ് വെൽഫയർ സൊസൈറ്റിയുടെ പേരിൽ നടന്നു വരുന്ന V-Guard Assembling Unit-ന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാൻ ആഗസ്റ്റ് മാസം മുതൽ നടപടികൾ സ്വീകരിച്ചു. ഇപ്പോൾ ഈ യൂണിറ്റിൽ 14 വനിതകൾക്ക് തൊഴിലവസരം ലഭിക്കുന്നുണ്ട്.

**ഫാ. വിനോദ് ചെന്നക്കാട്ടുകുന്നേൽ**
ഡിറക്ടർ, സാമൂഹ്യസേവനം

## ജൂബിലി ആശംസകൾ





സന്യാസസമർപ്പണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന റവ. സി. ആനി ട്രീസ എസ്.എ.ബി.എസ്., സിൽവർ ജൂബിലി ആഘോഷിക്കുന്ന റവ. ലിസ മറ്റം എസ്. എച്ച്., എന്നിവർക്ക് രൂപത മുഴുവന്റെയും പ്രാർത്ഥനാ നിർഭരമായ ആശംസകൾ.



december layout.pmd 36 12/9/2009, 3:58 PM

# Prayerful Greetings

## December

| | | |
|---|---|---|
| 02 | Fr. Chempotickal Francis | B.day |
| 03 | Fr. Allumpurath Francis | Patron's Day |
| 25 | Fr. Mammottil Emmanuel | Patron's Day |
| 27 | Fr. Kunnumpuram Job | B.day |

## January

| | | |
|---|---|---|
| 03 | Fr. Muthuplakkal Joseph | B.Day |
| 20 | Fr. Chennakattukunnel Sebastian | Patron's Day |
| 25 | Fr. Peringarappilly Jose | B.day |
| 26 | Fr. Nadackal Augustine | B.day |

## February

| | | |
|---|---|---|
| 09 | Fr. Allumpurath Francis | B.day |
| 10 | Fr. Podipara Varghese | B.day |
| 18 | Fr. Ullattil Antony | B.day |
| 22 | Fr. Maniyampara Joseph | B.day |



december layout.pmd 37 12/9/2009, 3:58 PM

# ആദരാഞ്ജലികൾ



## റവ. ഫാ. മാത്യു മൂത്തേടം എം.സി.ബി.എസ്.

ജനനം : 27.01.1935; മരണം : 25.09.2009

2009 സെപ്റ്റംബർ മാസം 25-ാം തിയതി നിര്യാതനായ റവ. ഫാ. മാത്യു മൂത്തേടം എം.സി.ബി.എസ്., ഷിമോഗ മിഷനിലെ ആഗുംമ്പയിൽ സ്തുത്യർഹമായ സേവനമനുഷ്ടിച്ചിട്ടുണ്ട്. അച്ചന് ഭദ്രാവതി രൂപതയുടെ പ്രാർത്ഥനാ നിർഭരമായ ആദരാഞ്ജലികൾ.



## സി. ഡിഗ്ന മരിയ, എസ്. എച്ച്.

ജനനം : 15.05.1941; മരണം : 16.09.2009

2009 സെപ്റ്റംബർ മാസം 16-ാം തിയതി നിര്യാതയായ സി. ഡിഗ്ന മരിയ എസ്. എച്ച്. ഭദ്രാവതി രൂപതയിലെ ഷിമോഗ, ഇടുവള്ളി, ഹൊസ്സൂർ (ഇൻഡുവള്ളി), ഹൊളെഹൊന്നൂർ ഇടവകകളിൽ കഴിഞ്ഞ 30 വർഷം നിസ്വാർത്ഥ സേവനം ചെയ്തിട്ടുണ്ട്. പ്രൊവിൻസിന്റെ മിഷൻ കൗൺസിലർ

എന്ന നിലയിൽ ഔദ്യോഗിക കാര്യങ്ങൾക്കായി പ്രൊവിൻഷ്യൽ ഹൗസിൽ ആയിരിക്കുമ്പോഴാണ് ഹൃദയാഘാതം മൂലം മരണമടഞ്ഞത്. സിസ്റ്ററിന് ഭദ്രാവതി രൂപതയുടെ പ്രാർത്ഥനാ നിർഭരമായ ആദരാഞ്ജലികൾ.



## ശ്രീ തോമസ് മറ്റം

ജനനം : 16.09.1934; മരണം : 06.07.2009

2009 ജൂലൈ 6-ന് നിര്യാതനായ ശ്രീ തോമസ് മറ്റം, ഭദ്രാവതി രൂപതയിലെ ഇടുവള്ളിയിലെ ആദ്യകാല കുടിയേറ്റക്കാരനും, ഷിമോഗ സീറോ-മലബാർ മിഷന്റെ വളർച്ചയിൽ കാര്യമായ സംഭാവനകൾ ചെയ്ത വ്യക്തിയുമാണ്. അദ്ദേഹത്തിന് ഭദ്രാവതി രൂപതയുടെ പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ.

## COLLECTIONS

| | | Flood Relief | Mission Sunday |
|---|---|---|---|
| 1. | Anandapuram, Sacred Heart Church | 500.00 | 3501.00 |
| 2. | Anavatty, Kristuraj Church | 3000.00 | 625.00 |
| 3. | Bhadravathi, Infant Jesus Church | 1410.0 | 4000.00 |
| 4. | Davangere, St. Joseph's Church | 3500.00 | 3000.00 |
| 5. | Holehonnur, St. Mary's Church | 250.00 | 400.00 |
| 6. | Hossur (Induvally), Sacred Heart Church | 1200.00 | 3500.00 |
| 7. | Iduvally, St. Antony's Church | 1100.00 | 3100.00 |
| 8. | Jedikatte, Karunanilaya & Shanthi Sadan | 1000.00 | 2501.00 |
| 9. | Joga, St. Mary's Church | 60.00 | 700.00 |
| 10. | Kargal, Holy Spirit Church | 110.00 | 430.00 |
| 11. | Nagavally, Lourde Matha Church | — | 2220.00 |
| 12. | Ripponpett, Good Shepherd Church | 1100.00 | 5000.00 |
| 13. | Masthikatte, St. Peter's Church | 340.00 | 1000.00 |
| 14. | Sagar, St.Thomas Church | 587.00 | 1200.00 |
| 15. | Shimoga, St. Joseph's Church | 2310.00 | 7000.00 |
| 16. | Umblebylu, St. Alphonsa's Church | 340.00 | 1210.00 |
| | **Total** | **16,807.00** | **39,387.00** |

# BISHOP'S DAIRY

## September – October, 2009

Sept. 03: 10.30 am Diocesan Pastoral Planning Implementation Committee

: 03.00 pm Diocesan Commission Directors Meeting

: 05.00 pm Monthly Recollection – Priests and Sisters

04 : Meeting of the College of Consultors

05 : Ripponpet, Meeting of the Committees for Diocesan Day Celebration

07 : 10.00 a.m. Malnad Social Service Society, Governing Body

08 : Harihar, Shrine of Our Lady of Health – Feast, Holy Qurbana

09 : Bangalore, KUCFHR General Body Meeting

10 -11 : Bangalore, KRCBC Meeting

Sept. 13 – Oct. 20: Out of Station

Oct. 24 : Ripponpet, Second Diocesan Day Celebrations

28 : Kizhathadiyoor, Parish Feast

: Ernakulam, Funeral of Archbishop Daniel Acharuparampil

29 : Bhatkal, Blessing of the Little Flower Church

## November, 2009

02-04 : Priests' Seminar, Machanahally

05 : Chikmagalore, Kristhotsava

| | | |
|---|---|---|
| 07 | : | 11.00 am Girideepam, Blessing of the SIC Convent |
| 07-08 | : | Machanahally, Lay Leaders Training |
| 09 | : | College of Consultors |
| 13 | : | Kunnoth, Ad Hoc Committee, Good Shepherd Major Seminary |
| 17-18 | : | Kakkanad, Mount St. Thomas Priests' Seminar |
| 19-20 | : | Bangalore, Health Commission Meeting |
| 22 | : | Shimoga, Sacred Heart Cathedral, Feast of Christ the King |
| 24 | : | Meeting of the United Christian Forum for Human Rights |
| 25-26 | : | Belthangady, Eparchial Assembly |
| 28 | : | Shimoga, St. Joseph's Church, CML Office Bearers Camp |
| | : | Machanahally, Marriage Preparation Course |
| 29 | : | Holehonnur, Parish Visit |
| | : | Bhadravathi, DSHJ Convent |

## BISHOP'S PROGRAM

**December, 2009**

| | | |
|---|---|---|
| 05 | : | Iritty, Annual Day Celebrations of Snehabhavan |
| 6-8 | : | Masthikatte, Pastoral Visit |
| 09 | : | Shimoga, Meeting of the Christian Forum for Human Rights |
| 12 | : | Diocesan Pastoral Council |
| 13 | : | Chitradurga |

| | | |
|---|---|---|
| 14 | : | MSSS Governing Body Meeting |
| 16 | : | Shimoga, St. Joseph's School Anniversary |
| 18 | : | Engaged |
| 20-22 | : | Thamarassery, Sanathana – Blessing of Chapel and Minor Orders |
| 23 | : | Christmas gathering – Dioceses of Shimoga and Bhadravathi |
| 24-25 | : | Iduvally, Christmas |
| 26 | : | Anickad, Ordination of Dn. Dominic Elamplackal, mcbs |
| 27 | : | Thirunalloor, Ordination of Dn. Sebastian Polethara, mcbs |
| 28 | : | Erattayar, Ordination of Dn. Binoy Palakuzha, cmi |
| 29 | : | Morning: Mannar, Ordination of Dn. Francis Nalukandathil, mcbs |
| | : | Afternoon: Cheruvandoor, Ordination of Dn. Cyriac Punnakkalayil, mcbs |
| 30 | : | Morning: Ayarkunnam, Ordination of Dn. Thomas Kunnathettu, mcbs |
| | : | Afternoon: Kottackapuram, Ordination of Dn. Devasia Makkiyil, mcbs |
| | | & Dn. Joseph Puthenchira, mcbs |
| 31 | : | Morning: Neyattucherry, Ordination of Dn. Abraham Kallarackal, mcbs |
| | : | Afternoor: Aruvithara, Kuriakose Pulimoottil, mcbs |

**January, 2010**

| | | |
|---|---|---|
| 02 | : | Kakoor, Ordination of Dn. Timson Parakottil, msfs |

07 : Shimoga, Priestly Year Celebrations, Syro-Malankara Church

10-16 : Kakkanad, Mount St. Thomas, Syro-Malabar Synod of Bishops

17 : Thankamanay, Silver Jubilee of St. Thomas Forane Church

21-22 : Anandpuram, Pastoral Visit

23 : Shimoga, Silver Jubilee of Sr. Liza Mattom, S.H.

24 : Anandapuram, Pastoral Visit

28 : Bangalore, Meeting of Health Commission

30-31 : Joga, Kargel, Pastoral Visit

**February, 2010**

1-2 : Kunnoth, Ad Hoc Committee of Good Shepherd Major Seminary

03 : Monthly Recollection, Priests and Religious

04 : Sagar, Anniversary Celebrations St. Alfred's Old Age Home

07 : Engaged

08 : Bangalore, Catholic Council of Karnataka (CCK)

09 : Bangalore, Karnataka United Christian Forum (KUCF)

10-11 : Bangalore, KRCBC Meeting

15 : College of Consultators, Meeting of Commission Directors

18 : Meeting of Balabhavan/Old Age Home Directors

23-March 4 : Guwahatti, CBCI Meeting



december layout.pmd 44 12/9/2009, 3:58 PM